KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.158/PR/PIC/PHQ/18 Date : 25.06.2018

---

## വിവരശേഖണവും കൈകാര്യം ചെയ്യലും ശിൽപശാല 27 ന്

കേരള പോലീസിലെ വിവിധ പ്രവര്‍ത്തനങ്ങളിലൂടെ ലഭ്യമാകുന്ന വിവരങ്ങളും വിജ്ഞാനവും ശേഖരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള പ്രവര്‍ത്തന പദ്ധതിയ്ക്ക് രൂപം നൽകുന്നതിനുള്ള ശില്പശാല തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിൽ ജൂൺ 27ന് രാവിലെ 10 മണിമുതൽ നടത്തും. ലഭ്യമായ വിവരങ്ങളും വിജ്ഞാനവും പോലീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് എങ്ങനെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താം, ഗവൺമെന്റ് സംവിധാനങ്ങളിൽ വിവര ശേഖരണവും കൈകാര്യം ചെയ്യലും സംബന്ധിച്ച പൊതു തന്ത്രങ്ങൾ, വിവരം കൈകാര്യം ചെയ്യുന്നതിലെ ഭാവി സമീപനം, വിവരവും വിജ്ഞാനവും ഭരണനിർവ്വഹണത്തിനായി ഉപയോഗപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങൾ ശിൽപശാലയിൽ ചർച്ച ചെയ്യും.

രാവിലെ 11.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ശിൽപശാല ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, ട്രെയിനിംഗ് എ.ഡി.ജി.പി. ഡോ. ബി. സന്ധ്യ, ഹെഡ്ക്വാർട്ടേഴ്സ് എ.ഡി.ജി.പി. എസ്. ആനന്ദകൃഷ്ണൻ, ഡി.ഐ.ജി. കെ.സേതുരാമൻ തുടങ്ങിയവർ പങ്കെടുക്കും. വൈകീട്ട് അഞ്ചിന് പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ രാമചന്ദ്രൻ സമാപന പ്രസംഗം നടത്തും. വിവിധ സെഷനുകൾക്ക് പ്രൊഫ. അച്യുത് ശങ്കർ എസ് നായർ (കമ്പ്യൂട്ടേഷണൽ ബയോളജി, ബയോഇൻഫർമാറ്റിക്സ്,

കേരള യൂണിവേഴ്സിറ്റി), ഡോ. ബി അശോക് ഐ.എ.എസ് (സെക്രട്ടറി, സ്പോർട്ട്സ് യൂത്ത് അഫയേഴ്സ്), വിക്ടർ ജോസഫ് റ്റി (വി.എസ്സ്.എസ്സ്.സി.), റ്റി.കെ. വിനോദ് കുമാർ (എ.ഡി.ജി.പി. ഇന്റലിജൻസ്), സുമിത് കുമാർ ബർദാൻ (ഡയറക്ടർ, പ്രെഡിക്ടീവ് അനലിറ്റിക്സ് സൊല്യൂഷൻസ്), സുഷീൽ കണ്ണൻ (ജോ. ഡയറക്ടർ, എൻ.സി.ആർ.ബി.), ഡോ. പ്രദ്ന്യ സർവാദെ (എ.ഡി.ജി.പി., മഹാരാഷ്ട്ര), പുട്ട വിമലാദിത്യ (അസി. ഡയറക്ടർ, നാഷണൽ പോലീസ് അക്കാഡമി), ഹരീശ്വർ എസ് വിശ്വനാഥപ്പ (അഡി. ഡി.സി.പി., ഡൽഹി പോലീസ്), നവൽ ബജാജ് (ഐ.ജി.പി., മഹാരാഷ്ട്ര), അനൂപ് കുരുവിള ജോൺ (ഡി.ഐ.ജി.,ട്രെയിനിംഗ്, കേരള പോലീസ് അക്കാഡമി) എന്നിവർ നേതൃത്വം നൽകും.

********